GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/08/2026

1) സംസ്ഥാനത്ത് കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന കർഷകച്ചന്തകളിൽ ഡിജിറ്റൽ പേയ്മെന്റിന് പുറമെ നേരിട്ട് പണം നൽകിയും ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വാങ്ങുന്നതിൽ ഒരു തടസ്സവുമില്ലെന്ന് കൃഷിവകുപ്പ് മന്ത്രി ടി.സിദ്ദിഖ് അറിയിച്ചു. കർഷകച്ചന്തകളിൽ പണമിടപാട് ഡിജിറ്റൽ സംവിധാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയെന്നും യുപിഐ വഴി മാത്രമേ പണം നൽകാനാകൂയെന്ന തരത്തിലുള്ള പ്രചരണം തികച്ചും അടിസ്ഥാനരഹിതവും അവാസ്തവവുമാണ്. കൃഷിവകുപ്പിന്റെ ഓണച്ചന്തകളിൽ എത്തുന്ന ഉപഭോക്താക്കൾക്ക് ഇടപാടുകൾ

കൂടുതൽ വേഗത്തിലും സൗകര്യപ്രദവുമായും നടത്തുന്നതിനാണ് ഡിജിറ്റൽ പേയ്മെന്റ് സംവിധാനം കൂടി അധികമായി ഏർപ്പെടുത്തിയിട്ടുള്ളത്. ഈ ആശയത്തിന് പൊതുജനങ്ങളിൽ നിന്ന് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നതെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

2) ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റിലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാട ശേഖരത്തിനും, നെല്ലിനത്തിനും, ഭൂമിരീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.

3) 2026-27 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ തൊഴിലാളികളുടെ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് (എഫ് ഐ എം എസ്) ഐഡന്റിഫിക്കേഷൻ നമ്പർ ലഭിച്ചിട്ടുള്ളതും ലൈഫ് ഭവന പദ്ധതി മുഖേനയോ, സർക്കാരിന്റെ മറ്റേതെങ്കിലും ഭവന പുനരുദ്ധാരണ/പുനർ നിർമ്മാണ പദ്ധതി മുഖേനയോ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആനുകൂല്യം

ലഭിക്കാത്തതുമായ മത്സ്യത്തൊഴിലാളികൾക്കും പെൻഷണർമാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ് . വീടിന് കുറഞ്ഞത് എട്ട് വർഷത്തെ എങ്കിലും കാലപ്പഴക്കമുണ്ടാകണം. അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം **ആഗസ്റ്റ്** 31 വൈകുന്നേരം അഞ്ച് മണിക്കകം മത്സ്യഭവനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി 0477-2251103 എന്ന ഫോൺ ബന്ധപ്പെടുക.

4) കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ കോഴിക്കോട് വേങ്ങേരി തടമ്പാട്ടുതാഴത്ത് പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം ഫലവൃക്ഷ തൈകൾ മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കു 0495 2935850 / 9188223584 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.